Office of the Chief Engineer LSGD, Thiruvananthapuram

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലയോര വികസന ഏജൻസി (ഹാഡ) മുഖേന നടത്തിവന്നിരുന്ന സംസ്ഥാന/നബാർഡ് അധിഷ്ഠിത പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധന നടത്തുന്ന ബില്ലുകൾ പുനഃപരിശോധന നടത്തി കൗണ്ടർ സൈൻ ചെയ്ത് അതാത് ജില്ലകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർമാർക്ക് ലഭ്യമാക്കുന്നതിന് അതാത് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ(ഡിഡി)വകുപ്പ്

**സ.ഉ.(സാധാ) നം./4134/2017/**ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/12/2017

പരാമർശം:- 25.8.2017ലെ സ.ഉ(എംഎസ്)നം.35/2017/.

| | |
|---|---|
| CE | |
| DCE | |
| AO | |
| AA | |
| JS | |

ഉത്തരവ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൻറെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന മലയോര വികസന ഏജൻസി (ഹാഡ)യുടെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ടും ആയതിൻറെ തുടർ പ്രവർത്തനം ടി വകുപ്പിൻറെ കീഴിൽ പശ്ചിമഘട്ട സെൽ മുഖാന്തിരം പൂർത്തീകരിക്കുന്നതിനും പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. ഹാഡ സംവിധാനം ഇല്ലാതാക്കപ്പെട്ടതിനെത്തുടർന്ന് സാങ്കേതിക പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥരുടെ സേവനം ഇപ്പോൾ ലഭ്യമല്ലാത്ത സാഹചര്യമുണ്ട്. ഈ ജോലി ഏൽപ്പിച്ചിരിക്കുന്ന പശ്ചിമഘട്ട സെല്ലിൽ ഇത്തരം ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കുവാൻ സംവിധാനമില്ല. ഹാഡയുടെ സംസ്ഥാന/നബാർഡ് പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകളിന്മേൽ നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധന കൂടാതെ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പുനഃപരിശോധന കർശനമായും ഉറപ്പുവരുത്തി പ്രോജക്ട് ഡയറക്ടർമാർ മുഖേന പകർപ്പ് സർക്കാരിൽ ലഭ്യമാക്കണമെന്ന് 25-11-2017-ൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി നടത്തിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ മലയോര വികസന ഏജൻസി (ഹാഡ) മുഖേന നടത്തിവന്നിരുന്ന സംസ്ഥാന/നബാർഡ് അധിഷ്ഠിത പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധന നടത്തുന്ന ബില്ലുകൾ പുനഃപരിശോധന നടത്തി മേലൊപ്പ് വച്ച് അതാത് ജില്ലകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർമാർക്ക് ലഭ്യമാക്കുന്നതിന് അതാത് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ ഡി

ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് ( Vide U.O. Note No.F2/529/17/Panning dated 5/12/2017.)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2017.12.22 16:00:16 IST
Reason: Approved
സെക്ഷൻ ഓഫീസർ